സ്വാമി ശരണം

# തിരുവിതാംകൂർ ദേവസ്വം ബോർഡ്

കവടിയാർ.പി.ഒ, നന്തൻകോട്-03, ഫോൺ: 0471 2317003 ഇ-മെയിൽ : secretarytdbtvm@gmail.com

ദേവസ്വം ബോർഡ് ആഫീസ്
തിരുവനന്തപുരം

ROC No. 87/16/Est-1 09/10/2025

## സർക്കുലർ

വിഷയം :- തിരുവിതാംകൂർ ദേവസ്വം ബോർഡിന്റെ കീഴിലുള്ള ദേവസ്വം/ആഫീസ് കോമ്പൗണ്ടുകളിൽ രാഷ്ട്രീയ പാർട്ടികളുടേയും മത-സാമുദായിക സംഘടനകളുടേയും കൊടിതോരണങ്ങൾ, ബോർഡുകൾ, പോസ്റ്ററുകൾ തുടങ്ങിയവ നിരോധിച്ചത് സംബന്ധിച്ച്.

സൂചന :- 29-09-2025 ലെ ബോർഡ് തീരുമാനം.

തിരുവിതാംകൂർ ദേവസ്വം ബോർഡിന്റെ എല്ലാ ആഫീസുകളിലും ക്ഷേത്രങ്ങളിലും അനുബന്ധ കോമ്പൗണ്ടുകളിലും വസ്തുവകകളിലും സർവ്വീസ് സംഘടനകളുടേയും രാഷ്ട്രീയ പ്രസ്ഥാനങ്ങളുടേയും മത-സാമുദായിക സംഘടനകളുടേയും കൊടിതോരണങ്ങളും ഫ്ളക്സ് ബോർഡുകളും പോസ്റ്ററുകളും നോട്ടീസുകളും സ്ഥാപിക്കുന്നത്/പതിക്കുന്നത് നിരോധിച്ചും നിലവിലുള്ളവ ഉടൻ മാറ്റുന്നതിനും അതാത് ആഫീസ്/ദേവസ്വം മേധാവികളെ ചുമതലപ്പെടുത്തിയും ദേവസ്വം ഹെഡ്ക്വാർട്ടേഴ്സ്/ കോമ്പൗണ്ടിലെ എല്ലാ കൊടിതോരണങ്ങളും ഫ്ളക്സ് ബോർഡുകളും പോസ്റ്ററുകളും മാറ്റുന്നതിന് എക്സിക്യൂട്ടീവ് എഞ്ചിനീയറെ (തിരുവനന്തപുരം) ചുമതലപ്പെടുത്തിയും ഇതിലേക്ക് സംരക്ഷണം ആവശ്യമുള്ള പക്ഷം ആയത് നൽകുന്നതിന് സൂപ്രണ്ട് ഓഫ് പോലീസ് (വിജിലൻസ് & സെക്യൂരിറ്റി) -നെ ചുമതലപ്പെടുത്തിയും എല്ലാ ആഫീസ് മേധാവികളും ടി ഉത്തരവ് പാലിക്കുന്നുണ്ടെന്ന് ഉറപ്പാക്കേണ്ടതാണെന്നും ഇക്കാര്യത്തിൽ മേലിൽ വീഴ്ച വരുത്തുന്നവർക്കെതിരെ കർശന നടപടി സ്വീകരിക്കുന്നതിന് ദേവസ്വം കമ്മീഷണറെ ചുമതലപ്പെടുത്തിയും 30-03-2016 ൽ ROC 87/16/Est-1 നമ്പരായി ഉത്തരവ് പുറപ്പെടുവിച്ചിരുന്നു.

ടി ഉത്തരവിന് വിരുദ്ധമായി ദേവസ്വം ബോർഡിന്റെ കീഴിലുള്ള ക്ഷേത്രങ്ങളുടേയും ആഫീസുകളുടേയും കോമ്പൗണ്ടിലോ പരിസരത്തോ സർവ്വീസ് സംഘടനകളുടെയോ രാഷ്ട്രീയ പാർട്ടികളുടേയോ മതസാമുദായിക സംഘടനകളുടെയോ കൊടിതോരണങ്ങളും ഫ്ളക്സ് ബോർഡുകളും പോസ്റ്ററുകളും നോട്ടീസുകളും സ്ഥാപിച്ചിട്ടുണ്ടെങ്കിൽ ആയത്

(മറുപുറം)

അടിയന്തിരത്തിൽ നീക്കം ചെയ്യുന്നതിനും ഇതിലേക്ക് പോലീസിന്റേയോ റവന്യൂ ഉദ്യോഗസ്ഥരുടേയോ സഹായം ആവശ്യമാണെങ്കിൽ ആയത് ലഭ്യമാക്കുവാൻ ബന്ധപ്പെട്ട ആഫീസ്/ദേവസ്വം മേധാവികളെ ചുമതലപ്പെടുത്തിയും പ്രസ്തുത ഉത്തരവ് പാലിക്കപ്പെടുന്നുണ്ടെന്ന് ഉറപ്പാക്കുന്നതിനും ഇക്കാര്യത്തിൽ മേലിൽ വീഴ്ച വരുത്തുന്നവർക്കെതിരെ കർശന നടപടി സ്വീകരിക്കുന്നതിനും ദേവസ്വം കമ്മീഷണറെ ചുമതലപ്പെടുത്തിയും 01-03-2017 ൽ ROC 87/16/Est-1 നമ്പരായി ഉത്തരവായിരുന്നു.

പ്രസ്തുത ഉത്തരവ് കർശനമായി പാലിക്കേണ്ടതാണെന്ന് നിർദ്ദേശിച്ച് ബോർഡ് ഉത്തരവാകുന്നു.

Bundin
സെക്രട്ടറി

പകർപ്പ് :-

1. ദേവസ്വം കമ്മീഷണർ
2. ചീഫ് എഞ്ചിനീയർ
3. സൂപ്രണ്ട് ഓഫ് പോലീസ് (വിജിലൻസ് & സെക്യൂരിറ്റി)
4. എല്ലാ ആഫീസ് മേധാവികൾക്കും
5. ഐ.റ്റി. ഡിവിഷൻ
6. സെക്ഷൻ ഫയൽ
7. ഫയൽ ബുക്ക്
8. ഫെയർ ആഫീസ് കോപ്പി

SK